# പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം – 1276 — 13/06/2013 ൽ മറുപടിക്ക്

## കോഴിക്കോട്-മാവൂർ റോഡ് നിർമ്മാണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. പി.റ്റി.എ. റഹീം. | | ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പുമന്ത്രി) | |
| (എ) | കോഴിക്കോട്-മാവൂർ റോഡ് നിർമ്മാണത്തിന് മണ്ണ് എടുക്കുന്നതിനായി ഏറ്റെടുത്തിരുന്നതും ഇപ്പോൾ ഉപയോഗിക്കാതെ കിടക്കുന്നതുമായ സ്ഥലങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ; | (എ) | കോഴിക്കോട്-മാവൂർ റോഡ് നിർമ്മാണത്തിന് മണ്ണ് എടുക്കുന്നതിനായി തൊണ്ടയാട്, വെള്ളിപറമ്പ്, ചെറൂപ്പ എന്നിവിടങ്ങളിൽ സ്ഥലം എടുത്തിട്ടുണ്ട്. |
| (ബി) | ഈ സ്ഥലങ്ങളുടെ കസ്റ്റോഡിയൻ ആരാണ് ; | (ബി) | പൊതുമരാമത്ത് വകുപ്പ്, കോഴിക്കോട് റോഡ്സ് വിഭാഗം എക്സിക്യൂട്ടീവ് എൻജിനീയർ |
| (സി) | ഇത്തരം സ്ഥലങ്ങൾ പൊതു കളി സ്ഥലമായി ഉപയോഗപ്പെടുത്തുന്നതിന് അനുമതി നൽകാൻ സാധിക്കുമോ എന്ന് വ്യക്തമാക്കുമോ ? | (സി) | 30/09/2009-ലെ പൊതുമരാമത്ത് വകുപ്പ് സർക്കുലർ നം.20541/സി3/ 09/പൊ.മ.വ പ്രകാരം പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള റോഡ് പുറമ്പോക്കും റോഡിനോട് ചേർന്ന സ്ഥലങ്ങളും മറ്റാവശ്യങ്ങൾക്കു നൽകുവാനോ ആർക്കെങ്കിലും പതിച്ചു കൊടുക്കുവാനോ സാധിക്കുകയില്ല. |

സെക്ഷൻ ഓഫീസർ